(ബി) ഇതിൽ എത്ര കെട്ടിടങ്ങൾ പുതുക്കിപ്പണിയാൻ സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം സബ് രജിസ്ട്രാർ ഓഫീസുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പാനൂർ സബ് രജിസ്ട്രാർ ഓഫീസ് പുതുക്കിപ്പണിയാൻ എത്ര രൂപയുടെ ഫണ്ടാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) പുതുക്കി പണിയാനുള്ള നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 116 സബ് രജിസ്ട്രാർ ഓഫീസുകൾ പഴയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) ആറ് കെട്ടിടങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

(സി) മടവൂർ (1 ലക്ഷം), പേരാവൂർ (1 ലക്ഷം), കണ്ണൂർ (2 ലക്ഷം), പാനൂർ (3ലക്ഷം) എന്നീ സബ് രജിസ്ട്രർ ഓഫീസുകൾക്ക് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ഡി) 2003-04 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 3 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ഇ) പുതുക്കി പണിയാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

165 (4600) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ കാലപ്പഴക്കവും കാലവർഷക്കെടുതിയും നിമിത്തം തകരാറിലായിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഗ്രാമീണ റോഡുക്കളുടെ പുനരുദ്ധാരണത്തിനായി 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ എന്ത് തുക വീതം ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു ; ഇതിൽ എന്ത് തുക വീതം പ്രസ്തുത വർഷങ്ങളിൽ ചെലവഴിച്ചു ;

(ഡി) എത്ര കിലോമീറ്റർ റോഡുകളുടെ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്രാവിഷ്ക്കൃത പദ്ധതിയായ എസ്.ജി.ആർ.വൈ. പ്രകാരവും സംസ്ഥാന ഗവൺമെന്റ് പരിപാടിയായ വില്ലേജ് റോഡ് മെയിന്റനൻസ് പ്രകാരവും റോഡുകൾ പുനരുദ്ധരിച്ചുവരുന്നു.

(സി) 2001-2002 വർഷത്തിൽ 243 ലക്ഷം രൂപയും 2002-2003 വർഷത്തിൽ 275 ലക്ഷം രൂപയും വകയിരുത്തി മുഴുവൻ തുകയും ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുകൊടുത്തു. ഈ തുകകൾ ചെലവഴിച്ചതിന്റെ വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമവികസന വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റു വഴി നിയമനം

166 (4601) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസനവകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റു വഴി നിയമനം നടത്തുവാൻ 2002-ൽ പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടോ, ഇല്ലെങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ ;

(സി) ഗ്രാമവികസന വകുപ്പിൽ നിലവിൽ എത്ര ബി.ഡി.ഒ.-മാരുണ്ട് ; അതിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിലുള്ളവർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റു വഴി നിയമനം നടത്താൻ ഒരു പോസ്റ്റ് റിസർവ് ചെയ്തിരുന്നു. അതിലേക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞിട്ടില്ല. ബി.ഡി.ഒ. തസ്തികയിലെ ഒരു ഒഴിവുമാത്രമേ സ്പെഷ്യൽ റിക്രൂട്ട്മെന്റു വഴി നിയമനം നടത്തുവാൻ റിസർവ് ചെയ്തിട്ടുള്ളു. ടി ഒഴിവിലേക്ക് നിയമനം നടത്തിക്കഴിഞ്ഞതിനാൽ ഇനി നിയമനം നടത്താൻ കഴിയില്ല.

(സി) 129 ബി.ഡി.ഒ.മാർ നിലവിലുണ്ട്. ഇതിൽ 26 പേർ പട്ടികജാതിയിലും 5 പേർ പട്ടികവർഗ്ഗത്തിലുംപെട്ടവരാണ്.